**KERALA STATE SCIENCE AND TECHNOLOGY MUSEUM**
**& PRIYADARSINI PLANETARIUM**
*(Govt. of Kerala)*

YEARS OF CELEBRATING THE MAHATMA

Vikas Bhavan P.O., Thiruvananthapuram - 695 033, India, Ph: 0471 2306024, 2306025, Fax: 2304286, Email:directorksstm@gmail.com

Ref:

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക Date മ്യൂസിയം,
തിരുവനന്തപുരം-33
ഫോൺ : 0471-2306024, 2304284

ബി/433/19

തീയതി: 04/01/2020

ലേല പരസ്യം

കോട്ടയം, കുറവിലങ്ങാട് കോഴായിൽ പുരോഗമിയ്ക്കുന്ന സയൻസ് സിറ്റി പ്രോജക്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങളോട് അനുബന്ധിച്ച് ടി സൈറ്റിലെ വിവിധ ഇനങ്ങളിലുള്ള നാല്പത്തിഏഴ് നിൽപ്പ് വൃക്ഷങ്ങൾ 10/01/2020 പകൽ 11.00 മണിക്ക് പരസ്യലേലത്തിലൂടെ വിൽക്കുന്നു. മതിപ്പു വില: Rs.7,67,145/- + GST. അന്നേ ദിവസം ടി ലേലം ഉറപ്പിക്കാനാകാതെ വന്നാൽ 17/01/2020 ന് പകൽ 11.00 മണിക്കും, വീും പുനർ ലേലം ആവശ്യമായാൽ 24/01/2020ന് പകൽ 11.00 മണിക്കും നടത്തുന്നതായിരിക്കും. വിശദവിവരങ്ങൾക്കും ലേല നിബന്ധനകൾക്കും, ലേലം ഉറപ്പിക്കുന്നതു സംബന്ധിച്ചും മ്യൂസിയത്തിന്റെ വെബ്സൈറ്റായ www.kstmuseum.com സന്ദർശിക്കുക.

ഡയറക്ടർ

**KERALA STATE SCIENCE AND TECHNOLOGY MUSEUM**
**& PRIYADARSINI PLANETARIUM**
*(Govt. of Kerala)*
Vikas Bhavan P.O., Thiruvananthapuram - 695 033, India, Ph: 0471 2306024, 2306025, Fax: 2304286, Email:directorksstm@gmail.com

150 YEARS OF CELEBRATING THE MAHATMA

Ref: ബി/433/19 Date: 6/01/2020

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം, തിരുവനന്തപുരം
സയൻസ് സിറ്റി പ്രോജക്ട്, കോഴ, കുറവിലങ്ങാട്, കോട്ടയം
പൊതു ലേല വില്പന/ഉദ്ധരണ ലേല പരസ്യം

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം, തിരുവനന്തപുരം, ഡയറക്ടർ പ്രസിദ്ധീകരിക്കുന്നത്.

കോട്ടയം, കുറവിലങ്ങാട് കോഴായിലുള്ള സയൻസ് സിറ്റി പ്രോജക്ട് കോമ്പൗണ്ടിൽ അതിർത്തി മതിൽ നിർമ്മാണം, കാമ്പസ് റോഡ് നിർമ്മാണം എന്നീ പ്രവർത്തികൾക്ക് തടസ്സമായി നിൽക്കുന്ന 47 (നാല്പത്തിയേഴ്) വൃക്ഷങ്ങൾ മുറിച്ചു മാറ്റുന്നതിന് കോട്ടയം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്ട്രി കൺസർവേറ്റർ അനുമതി തന്നിട്ടുള്ളതും ആയതിനാൽ മേൽ വൃക്ഷങ്ങൾ ഇപ്പോൾ നില്ക്കുന്ന അവസ്ഥയിൽ ഒരു പൊതുലേലം/ഉദ്ധരണത്തിലൂടെ (Sealed offer) വിൽക്കുവാൻ തീരുമാനിച്ചിട്ടുള്ളതുമാകുന്നു. പ്രസ്തുത മരങ്ങൾ ആഫീസ് സമയത്ത് (രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ) നേരിട്ട് പരിശോധിക്കാവുന്നതാണ്. 2020 ജനുവരി 10-ാം തീയതി (10-1-2020) രാവിലെ 11 മണിക്ക് കോഴയിലുള്ള സയൻസ് സിറ്റി പ്രോജക്ട് ഓഫീസ് പരിസരത്തു വച്ച് പൊതുലേലം/ഉദ്ധരണ പ്രകാരം നല്കുന്നതാണ്. മേൽ വൃക്ഷങ്ങളുടെ മതിപ്പു വില : Rs.7,67,145/- + GST. എന്നാൽ ഏതെങ്കിലും കാരണവശാൽ അന്നേ ദിവസം നടത്തപ്പെടുന്ന പൊതു ലേലം/ഉദ്ധരണം വിജയകരമായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലാ എങ്കിൽ പുനർ ലേലം ജനുവരി മാസം 17-ാം തീയതിയിലും, വീണ്ടും നടത്തേണ്ട സാഹചര്യം ഉണ്ടായാൽ ജനുവരി മാസം 24-ാം തീയതിയിലും നടത്തി നടപടികൾ പൂർത്തീകരിക്കുന്നതായിരിക്കും. ലേല നടപടികളുമായി ബന്ധപ്പെട്ട എല്ലാ തീരുമാനങ്ങളും എടുക്കുന്നതിനുള്ള അധികാരം ശാസ്ത്ര സാങ്കേതിക മ്യൂസിയം, ഡയറക്ടർ, തിരുവനന്തപുരം നിക്ഷിപ്തമായിരിക്കും. മുറിച്ചുമാറ്റേണ്ട വൃക്ഷങ്ങളുടെ ഇനം/ എണ്ണം / മറ്റു വിവരങ്ങൾ എന്നിവ ഈ ലേല പരസ്യത്തോടൊപ്പം ചേർക്കപ്പെട്ടിരിക്കുന്നു.

കോട്ടയം കുറവിലങ്ങാട്, കോഴ സയൻസ് സിറ്റി കോമ്പൗണ്ടിൽ അതിർത്തി മതിൽ നിർമ്മാണ പ്രവർത്തികൾക്ക് തടസ്സമായി നിൽക്കുന്ന മുറിക്കേണ്ട മരങ്ങളുടെ വിവരങ്ങൾ

| ക്രമ നംപർ | ഇനം | ചുറ്റുവണ്ണം | റിമാക്സ് |
|---|---|---|---|
| 1 | പ്ലാവ് | 150 cm | |
| 2 | പൊങ്ങല്യം | 78 cm | |
| 3 | ആഞ്ഞിലി | 245 cm | |
| 4 | പ്ലാവ് | 120 cm | |
| 5 | ആഞ്ഞിലി | 143 cm | |
| 6 | മരുത് | 270 cm | |
| 7 | പ്ലാവ് | 85 cm | |
| 8 | പൊങ്ങല്യം | 155 cm | |
| 9 | എടന | 140 cm | |
| 10 | ആഞ്ഞിലി | 95 cm | |
| 11 | പ്ലാവ് | 85 cm | |
| 12 | വയ്യാനി | 80 cm | |
| 13 | കറവേങ്ങ | 115 cm | |
| 14 | പ്ലാവ് | 135 cm | |
| 15 | പ്ലാവ് | 95 cm | |
| 16 | ആഞ്ഞിലി | 130 cm | |
| 17 | പ്ലാവ് | 70 cm | |
| 18 | ആഞ്ഞിലി | 205 cm | |
| 19 | ആഞ്ഞിലി | 204 cm | |
| 20 | ആഞ്ഞിലി | 200 cm | |
| 21 | വെട്ടി | 80 cm | |
| 22 | പ്ലാവ് | 105 cm | |
| 23 | മുരിക്ക് | 140 cm | |
| 24 | ആഞ്ഞിലി | 180 cm | |
| 25 | ആഞ്ഞിലി | 190 cm | |
| 26 | പഞ്ഞി | 140 cm | |
| 27 | മുരിക്ക് | 135 cm | |
| 28 | വെട്ടി | 105 cm | |
| 29 | ആഞ്ഞിലി | 110 cm | |

| | | | |
|---|---|---|---|
| 30 | ആഞ്ഞിലി | 115 cm | |
| 31 | ആഞ്ഞിലി | 160 cm | |
| 32 | ആഞ്ഞിലി | 260 cm | |
| 33 | മുള്ളുവേങ്ങ | 290 cm | |
| 34 | വെട്ടി | 80 cm | |
| 35 | പഞ്ഞി | 200 cm | |
| 36 | പഞ്ഞി | 80 cm | |

കാമ്പസിന്റെ ഉള്ളിലെ റോഡിന്റെ നിർമ്മാണത്തിന് മുറിക്കേണ്ട മരങ്ങളുടെ വിവരം

| ക്രമ നംപർ | ഇനം | ചുറ്റുവണ്ണം | റിമാക്സ് |
|---|---|---|---|
| 1 | ആഞ്ഞിലി | 130 cm | |
| 2 | ആഞ്ഞിലി | 170 cm | |
| 3 | ആഞ്ഞിലി | 260 cm | |
| 4 | ആഞ്ഞിലി | 250 cm | |
| 5 | പൊങ്ങല്യം | 110 cm | |
| 6 | ആഞ്ഞിലി | 210 cm | |
| 7 | ആഞ്ഞിലി | 230 cm | |
| 8 | ആഞ്ഞിലി | 130 cm | |
| 9 | ആഞ്ഞിലി | 180 cm | |
| 10 | ആഞ്ഞിലി | 130 cm | |
| 11 | ആഞ്ഞിലി | 155 cm | |

## പൊതുലേല നിബന്ധനകൾ

ലേലത്തിൽ/ഉദ്ധരണത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അന്നേ ദിവസം (10-1-2020) രാവിലെ 11 മണിക്ക് മുൻപായി ഉദ്ധരണങ്ങൾ സയൻസ് സിറ്റി പ്രോജക്ട് ഓഫീസിൽ നിർദ്ദിഷ്ട ഓഫീസറുടെ പക്കൽ സമർപ്പിക്കേണ്ടതാണ്. ഗവൺമെന്റ് അംഗീകൃത ഫോട്ടോ ID പകർപ്പ് ഉദ്ധരണത്തോടൊപ്പം നിരതദ്രവ്യമായ രൂപ 20,000/- (ഇരുപതിനായിരം രൂപാ മാത്രം) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം ഡയറക്ടർ, തിരുവനന്തപുരം എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി അടക്കം ചെയ്യേണ്ടതാണ്. ഉദ്ധരണങ്ങൾ '' സയൻസ് സിറ്റി പദ്ധതി പ്രദേശത്തെ 47 മരങ്ങൾ മുറിച്ചു മാറ്റിക്കൊണ്ടുപോകൽ'' എന്നെഴുതിയിട്ടുള്ള കവറിൽ സീൽ ചെയ്ത് സമർപ്പിക്കേണ്ടതാണ്. ലേലം അന്നേ ദിവസം 11.00 മണിക്ക് സയൻസ് സിറ്റി പ്രോജക്ട് ഓഫീസ് പരിസരത്ത് ആരംഭിക്കും. ലേലത്തിൽ പങ്കെടുക്കുവാൻ രൂപ 20,000/- (രൂപാ ഇരുപതിനായിരം മാത്രം) നിരതദ്ര

വ്യം, സമർപ്പിക്കേണ്ടതാണ്. ലേലത്തിലും ഉദ്ധരണത്തിലും പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഡിമാന്റ് ഡ്രാഫ്റ്റ് ലേല സമയത്ത് സമർപ്പിക്കേണ്ടതും, ഫോട്ടോ കോപ്പി ഉദ്ധരണത്തോടൊപ്പം സീൽഡ് കവറിൽ ചേർക്കേണ്ടതുമാണ്. ലേലം പൂർത്തിയായാലുടൻ സന്നിഹിതരായിരിക്കുന്നവരുടെ സാന്നിധ്യത്തിൽ ഉദ്ധരണങ്ങൾ തുറന്ന് പരിശോധിക്കുന്നതാണ്. തുടർന്ന് ഉദ്ധരണത്തിലോ, ലേലത്തിലോ ഏതിലാണ് കൂടുതൽ തുക വാഗ്ദാനം ചെയ്തിരിക്കുന്നത്, ടി തുക അധികാരികളുടെ അംഗീകാരത്തിന് വിധേയമായി ലേലം ഉറപ്പിക്കുന്നതും/അല്ലാത്ത പക്ഷം ലേല പരസ്യപ്രകാരം തുടർന്നുള്ള ദിവസങ്ങളിൽ നടത്തുന്നതുമാണ്. (ലേലത്തിൽ വിജയിക്കാത്തവരുടെ നിരതദ്രവ്യം ലേല നടപടികൾ പൂർത്തിയായാലുടൻ മടക്കി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്). ലേലം ഉറപ്പിക്കുന്ന പക്ഷം ലേലത്തുകയും നിയമപ്രകാരമുള്ള നികുതികളും ലേലം അംഗീകരിച്ചതായി അറിയിപ്പുകിട്ടി രണ്ടു ദിവസത്തിനകം ഡയറക്ടറർ, ശാസ്ത്ര സാങ്കേതിക മ്യൂസിയം തിരുവനന്തപുരം എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി ഒടുക്കി 7 (ഏഴ്) ദിവസത്തിനകം മേൽ വൃക്ഷങ്ങൾ മുറിച്ചു മാറ്റി കൊണ്ടു പോകേണ്ടതാണ്. വൃക്ഷങ്ങൾ മുറിച്ചു മാറ്റി കൊണ്ടു പോകേണ്ടതുമായി ബന്ധപ്പെട്ട് സയൻസ് സിറ്റി കാമ്പസ് പ്രദേശത്തു നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ/സയൻസ് സിറ്റി സ്ഥാവര ജംഗമ വസ്തുക്കൾ/വൈദ്യുതി ലൈനുകൾ എന്നിവയ്ക്ക് കേടുപാടുകൾ സംഭവിക്കാതിരിക്കാനും, സമീപവാസികൾ/ റോഡു യാത്രക്കാർ മുതലായവർക്ക് വേണ്ട സുരക്ഷാ ക്രമീകരണങ്ങൾ ചെയ്യുവാനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽപ്രകാരം വിജയകരമായി മരങ്ങൾ മുറിച്ചു മാറ്റിയതിനു ശേഷം നിരതദ്രവ്യം തിരികെ തരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എല്ലാ സർക്കാർ ലേല നിബന്ധനകളും ഈ ലേലത്തിന് ബാധകമായിരിക്കും. പ്രത്യേക കാരണം കാണിക്കാതെ ലേല നടപടികൾ മാറ്റിവെയ്ക്കനോ അസാധുവാക്കാനോ ഉള്ള അവകാശം കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. ഇതേ സംബന്ധിച്ച യാതൊരു വിധ പരാതികളും മ്യൂസിയം പരിഗണിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. ഫോൺ.0471 2306024, 9446540816, 04812 231035.

ഡയറക്ടർ

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം,

തിരുവനന്തപുരം

## സമ്മതപത്രം

ലേല നിബന്ധനകൾ വായിച്ചു നോക്കി ബോദ്ധ്യപ്പെട്ട്, ടി നിബന്ധനകൾ അനുസരിച്ചു ലേലത്തിൽ പങ്കുകൊള്ളാനും, വിജയിയാകുന്ന പക്ഷം തുക പൂർണ്ണമായും ഒടുക്കി ഏഴു ദിവസത്തിനകം വൃക്ഷങ്ങൾ മുറിച്ചു മാറ്റിക്കൊള്ളാമെന്നും അല്ലാത്ത പക്ഷം നിരതദ്രവ്യം ഗവൺമെന്റിലേയ്ക്ക് വസൂലാക്കുന്നതിന് സമ്മതമാണെന്നും അറിയിച്ചു കൊള്ളുന്നു.

പേര്:

മേൽവിലാസം:

ഒപ്പ്:

കോഴാ,

../01/2020

## ഉദ്ധരണ പത്രിക

കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയം ഡയറക്ടറുടെ ലേല നംപർ. B/433/19, dated.04/01/2020 പ്രകാരം ഉദ്ധരണത്തിൽപങ്കെടുക്കുന്ന ഞാൻ മേൽ 47 വൃക്ഷങ്ങൾ ലേല നിബന്ധനപ്രകാരം മുറിച്ചു മാറ്റിക്കൊണ്ടു പോകുന്നതിന് ആകെ തുകയായി രൂപാ .................. + 18% GST ( രൂപാ ........... + 18% GST) രേഖപ്പെടുത്തുന്നു.

പേര്:

മേൽവിലാസം:

ഒപ്പ്:

കോഴാ,

../01/2020

നിരതദ്രവ്യത്തിന്റെ വിശദവിവരങ്ങൾ

DD No:

Bank:

Date:

ഡിമാന്റ് ഡ്രാഫ്റ്റിന്റെ ഒറിജിനൽ / കോപ്പി ഇതോടൊപ്പം അടക്കം ചെയ്യുന്നു.